**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.686

28.02.2018 ന് മറുപടിയ്ക്ക്.

## വന പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് നിലവിലുള്ള വനപരിപാലനത്തിനും വനസംരക്ഷണത്തിനും വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് പദ്ധതികൾ നടപ്പാക്കുന്നു.<br>• നിലവിലുള്ള വൻമര തോട്ടങ്ങളുടേയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന തോട്ടങ്ങളുടേയും ഉല്പാദന-ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.<br>• വനേതര പ്രദേശങ്ങളിലെ വൃക്ഷവല്ക്കരണം പ്രോത്സാഹിപ്പിക്കുക വഴി വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾ മൂലം വനപരിസ്ഥിതി വ്യവസ്ഥിതിയിൽ ഉണ്ടാകുന്ന പ്രത്യാഘാ-തങ്ങൾ കുറയ്ക്കുന്ന പദ്ധതി നടപ്പാക്കുന്നു.<br>• വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ എന്നിവ നടപ്പാക്കുന്നു.<br>• വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിദ്ധ്യ ശോഷണം തടയുന്ന-തിനുമായി പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നു. |

- വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു.
- കാലാവസ്ഥ വ്യതിയാനം തടയുന്നതിൽ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്തോടെ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.
- ആന, കടുവ എന്നീ പ്രധാന വന്യജീവികളുടെ ആവാസവ്യവസ്ഥ പുനഃനിർമ്മിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നു.
- വനമേഖലയെ മൊത്തത്തിൽ കണ്ടുകൊണ്ട്, വിവിധ ഭൂവിനിയോഗങ്ങളും, മനുഷ്യന്റെ ആവാസവും പരസ്പര പൂരകങ്ങളാക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ബയോസ്ഫിയർ റിസർവ്വ് പദ്ധതി നടപ്പാക്കുന്നു.

(ബി) വന മേഖലയിലെ നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും വേനൽക്കാലത്ത് വന്യജീവികൾക്ക് കടിവെള്ളം ലഭ്യമാക്കാനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) വന മേഖലയിലെ നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും വേനൽക്കാലത്ത് വന്യജീവികൾക്ക് കുടിവെള്ളം ലഭ്യമാക്കാനും കേരളത്തിലെ വനമേഖലകളിലെ ജലസ്രോതസ്സുകൾ (കുളം, വയൽ) നവീകരിച്ചിട്ടുണ്ട്. ചതുപ്പ് പ്രദേശങ്ങളിൽ (വയൽ) മൺബണ്ടുകൾ നിർമ്മിക്കുകയും, ബണ്ടുകളിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ താല്കാലിക തടയണകൾ നിർമ്മിക്കുകയും, ചെക്ക് ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തി വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ